16/1/23



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1122(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.9506/SIC-Gen4/2021**
**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 12**

ശ്രീ. ബിനോജ് എം.,
S/o എം. ഭാസ്കരൻ വൈദ്യർ,
ബിനോ ഹൗസ്,
കിഴക്കേക്കര, പൊയിനാച്ചി,
തെക്കിൽ പി.ഒ., കാസറഗോഡ്-671 541. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്, താലൂക്ക് ഓഫീസ് കാസറഗോഡ്.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, തെക്കിൽ വില്ലേജ് ഓഫീസ്, കാസറഗോഡ്.
3. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ് കാസറഗോഡ്.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 24.11.2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, പരാമർശിത കാലയളവിലെ എതിർകക്ഷികളോട് കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയായ ശ്രീമതി. സുധ ഡി., എസ്.പി.ഐ.ഒ & ജൂനിയർ സൂപ്രണ്ട് (എൽ-സെക്ഷൻ) സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ. ബിനോജ് എൽ.എ.41/1996/തെക്കിൽ പ്രകാരം പതിച്ചു നൽകിയ ഭൂമിയുടെ പതിവ് സ്കെച്ച് ആവശ്യപ്പെട്ട് 25.02.2021-ൽ വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടിയാനിൽ നിന്നും

നിയമാനുസൃത ഫീസ് ഈടാക്കി ആവശ്യപ്പെട്ട ഭൂമി പതിവ് സ്കെച്ചിന്റെ പകർപ്പ് അനുവദിച്ച് നൽകിയിരുന്നു എന്നും ആയത് ലഭ്യമായ ശേഷം ടി പതിവ് സ്കെച്ചിന്റെ സൂചകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സർവ്വെ നമ്പർ 222/2 എ1–ൽപ്പെട്ട സർക്കാർ ഭൂമി 24.2.2021 തീയതിക്കുള്ളിൽ ആർക്കെങ്കിലും പതിച്ചു നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം നൽകണമെന്ന് ആവശ്യപ്പെട്ട് 25.2.2021–ൽ നൽകിയ അപേക്ഷ എൽ–സെക്ഷനിൽ 1.3.2021–ൽ സ്വീകരിച്ച് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എ.41/1996/തെക്കിൽ നമ്പർ ഭൂമി പതിവ് ഫയൽ റിക്കാർഡ് സെക്ഷനിൽ നിന്നും എടുത്ത് ഫയൽ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടി ഫയലിൽ നിന്നും നൽകുവാൻ കഴിയില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡുകൾ പരിശോധിച്ച് ഹർജിക്കാരന് മറുപടി നൽകുന്നതിലേക്ക് രണ്ടാം എതിർകക്ഷിയായ എസ്.പി.ഐ.ഒ & വില്ലേജ് ഓഫീസർ തെക്കിലിന് 19.3.2021–ന് അയച്ചു നൽകിയിരുന്നു എന്നും ആരോഗ്യപരമായ കാരണങ്ങളാൽ അവധിയിൽ ആയിരുന്നതിനാൽ അപേക്ഷ അയച്ചു നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്നുമാണ്.

2 രണ്ടാം എതിർകക്ഷിയായ തെക്കിൽ വില്ലേജ് ഓഫീസർ 24.11.2021 തീയതി വച്ച് സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത് കമ്മീഷന്റെ ഉത്തരവ് പ്രകാരം ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് ടിയാന് കാസറഗോഡ് താലൂക്ക് ഓഫീസിൽ നിന്നും അനുവദിക്കപ്പെട്ട സ്കെച്ചിൽ രേഖപ്പെടുത്തിയ സർവ്വെ നമ്പർ 222–ന്റെ വടക്ക് കിഴക്ക് ഭാഗത്തുള്ള ഗവൺമെന്റ് വക ഭൂമിയുടെ വിവരങ്ങൾ ആയിരുന്നു എന്നും ആയത് തെക്കിൽ വില്ലേജ് ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല എന്നും ആയതിനാലാണ് കെ–3, അക്കൗണ്ട്–7 എന്നിവയുടെ പകർപ്പ് അപേക്ഷകന് അനുവദിക്കുവാൻ ഇടയായതെന്നും കമ്മീഷൻ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസിലെ ഫയൽ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകിയിട്ടുള്ളതാണെന്നുമാണ്.

3. മൂന്നാം എതിർകക്ഷിയായ അപ്പീൽ അധികാരി & തഹസിൽദാർ നൽകിയ വിശദീകരണത്തിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 26.4.2021 ന്

നൽകിയ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 2.07.21 ന് മറുപടി നൽകിയെന്നതിൽ സമയപരിധിക്കകം അപ്പീൽ തീർപ്പാക്കാത്തത് സംബന്ധിച്ച് കമ്മീഷൻ ഉത്തരവ് പ്രകാരം വിശദീകരണം തേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല എന്ന വിവരം താഴ്മയായി ബോധിപ്പിക്കുന്നു എന്നും കോവീഡ് മഹാമാരിയുടെ പ്രതിരോധ പ്രവർത്തനവും ടി കാലയളവിൽ ഓഫീസ് പ്രവർത്തനങ്ങളിൽ സർക്കാർ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരുന്നതിനാലും തഹസിൽദാർ & ഇലക്ടറൽ റിട്ടേണിംഗ് ഓഫീസർ എന്ന നിലയിൽ നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഭാരിച്ച ഉത്തരവാദിത്വം വന്നു ചേർന്നതിനാലും ആണ് ഒന്നാം അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളത് എന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു എന്നും വിവരാവകാശ നിയമത്തിന്റെ ഉദ്ദേശ ശുദ്ധിയും അന്ത:സത്തയും ഉൾകൊണ്ട് തന്നെ മേലിലും പ്രവർത്തിക്കുമെന്ന് ബോധിപ്പിക്കുന്നു എന്നും മേൽ സാഹചര്യത്തിൽ ഒന്നാം അപ്പീൽ തീർപ്പാക്കുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തിയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു എന്നുമാണ്.

4. ലഭ്യമായ റിപ്പോർട്ടിന്റെയും സെക്ഷൻ 20 പ്രകാരം പരാമർശിത കാലയളവിലേയും ഇപ്പോഴത്തെയും 1-ാം എതിർകക്ഷികളായ ശ്രീമതി. സുധ. ഡി., ശ്രീ. വിജയകുമാർ പി., നിലവിലെ അപ്പീൽ അധികാരിയും കാസറഗോഡ് തഹസിൽദാരുമായ ശ്രീ. സാദിഖ് ബാഷ, പരാമർശിത കാലയളവിലെ അപ്പീൽ അധികാരികളായ ശ്രീ. വിജയൻ, ശ്രീ. രാജൻ (റിട്ടയേർഡ്) എന്നിവരെ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന് മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയതിന് തെക്കിൽ വില്ലേജ് ഓഫീസർ ശ്രീ. വിജയകുമാർ പി., ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി. സുധ ഡി., എന്നിവർക്ക് ഉത്തരവാദിത്വം ഉള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ഹർജിക്കാരന് മറുപടി നൽകുന്നതിൽ അകാരണമായി കാലതാമസം വന്നത് കൊവിഡ്, ജോലിഭാരം എന്നിവയാണെന്നുള്ള ടിയാരികളുടെ ഒഴിവുകഴിവുകൾ അംഗീകരിക്കാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ ടിയാളുകളുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാൽ ടിയാളുകൾ ശിക്ഷാർഹരാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയകുമാർ പി.യിൽ നിന്നും 5000/- രൂപയും (അയ്യായിരം രൂപ മാത്രം) ശ്രീമതി. സുധ ഡി.യിൽ നിന്നും 2000/- രൂപയും (രണ്ടായിരം രൂപ മാത്രം) പിഴയായി ഈടാക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ടി പിഴ സംഖ്യ "0070-60-118-99-Receipts

under the Right to Information Act, 2005" എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 25.1.2023–നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടി പിഴ സംഖ്യകൾ ഒടുക്കിയില്ലെങ്കിൽ ടി തുകകൾ ടിയാളുകളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുകളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്. അതോടൊപ്പം പരാമർശിത കാലയളവിലെ അപ്പീൽ അധികാരിയായ ശ്രീ. വിജയൻ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ വളരെയധികം ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടു ടിയാനെ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി 12–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

bnk